# വേണം പുതിയ തൊഴിലവസരം;
# തിരുത്തണം നയങ്ങൾ അതിനുവേണ്ടി

ഇന്ത്യയിൽ ആണ്ടുതോറും ഒന്നരക്കോടി ചെറുപ്പക്കാർ പുതുതായി ജോലിതേടി എത്തുന്നു. മാസം തോറും 12 ലക്ഷംപേർ. ഇവർക്കെല്ലാം ന്യായമായ വരുമാനം ലഭ്യമാക്കി ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ സഹായകരമാകുന്ന തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നത് സർക്കാരിന്റെ ഒരു പ്രധാന കടമയാണ്.

പുതി യ തൊഴിലവസരങ്ങൾ ഉണ്ടാകണമെങ്കിൽ പുതിയ സംരംഭങ്ങൾ പൊന്തിവരണം. സ്വകാര്യ സംരംഭകരോ സർക്കാരോ ഇത്തരം സംരംഭങ്ങളിൽ മുതൽമുടക്കാൻ തയ്യാറാവണം. ആവശ്യമുള്ളത്ര സംരംഭങ്ങൾ തുടങ്ങാൻ വേണ്ടി മുതൽമുടക്കാൻ സർക്കാരിനെക്കൊണ്ട് കഴിയില്ല. അപ്പോൾ സ്വകാര്യമേഖലയുടെ മുതൽമുടക്ക് പ്രോത്സാഹിപ്പിച്ച് അവരെ അതിന് പ്രേരിപ്പിക്കത്തക്ക നയപരിപാടികൾ ആസൂത്രണം ചെയ്യണം. ഇതിനുവേണ്ടിയാണ് Make in India, Ease of doing business തുടങ്ങിയ മുദ്രാവാക്യങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്രമോദി മുന്നോട്ടുവന്നത്. ഇന്ത്യയിൽതന്നെ നമുക്ക് ആവശ്യമുള്ള ഉത്പന്നങ്ങൾ നമ്മുടെ സ്വന്തം വ്യവസായശാലകളിൽ ഉത്പാദിപ്പിച്ച് നാട്ടിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും മൂല്യവർധിത ഉത്പന്നങ്ങൾ നിർമ്മിച്ച് ദേശീയവരുമാനം വർധിപ്പിക്കാനും പ്രധാനമന്ത്രി ആഗ്രഹിച്ചു. അതോടൊപ്പം തൊഴിൽ നടത്തുന്നവർ നേരിടുന്ന പലവിധ പ്രശ്നങ്ങളും പ്രതിബന്ധങ്ങളും ഒഴിവാക്കി ബിസിനസ് ലളിതവും സൗകര്യപ്രദവും ലാഭകരവുമാക്കിത്തീർത്ത് കൂടുതൽ പേരെ അങ്ങോട്ട് ആകർഷിക്കാനും അദ്ദേഹം ആഗ്രഹിച്ചിരിക്കാം. പക്ഷേ നിർഭാഗ്യവശാൽ പ്രധാനമന്ത്രിയുടെ ആഹ്വാനമനുസരിച്ച് പുതിയ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന ഒരു നയപരിപാടിയും ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടില്ല. ബിസിനസ് നടത്തുന്നവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കിക്കൊടുക്കുന്നതിനു പകരം പുതിയ നിയമങ്ങളും ഇൻസ്പെക്ഷനുകളുമായി അവരെ വരിഞ്ഞുമുറുക്കുന്ന പ്രഖ്യാപനങ്ങളാണ് വരുന്നത്. ചുരുക്കത്തിൽ Make in India യും മറ്റും വെറും മുദ്രാവാക്യങ്ങളായി അവശേഷിക്കുന്നു. കൂടാതെ മറ്റു രാജ്യങ്ങളിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ നികുതിയില്ലാതെയും കുറഞ്ഞ നികുതിക്കും ഇറക്കുമതി ചെയ്യാൻ വഴിചെയ്ത് നമ്മുടെ നാട്ടിലെ ഉത്പാദകരെ ബുദ്ധിമുട്ടിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ ഏഴെട്ട് കൊല്ലമായി ലോകത്തിൽ പൊതു വെ വ്യാപാരമേഖലയിൽ മാന്ദ്യസ്ഥിതി നിലനിൽക്കുന്നുണ്ടെങ്കിലും ഇന്ത്യയുടെ സ്ഥിതി വളരെ മെച്ചം എന്നാണ് നാം വിശ്വാസിക്കുന്നത്. ഏഴ് ശതമാനത്തിന് മുകളിൽ വളർച്ചയുള്ള ഒരു വലിയ സമ്പദ് വ്യവസ്ഥ ഇന്ന് ലോകത്തിൽ ഇന്ത്യ മാത്രമേയുള്ളൂ എന്നാണ് നാം അവകാശപ്പെടുന്നത്. പക്ഷേ വേണ്ടത്ര തൊഴിലവസരങ്ങൾ ഉണ്ടായിട്ടില്ല എന്നതാണ് വസ്തുത. വിദഗ്ധന്മാർ ഈ പ്രതിഭാസത്തെ വിവരിക്കുന്നത് Jobless Growth - തൊഴിലവസരങ്ങൾ സൃഷ്ടിക്കാത്ത വളർച്ച - എന്നാണ്. ഈ സാഹചര്യത്തിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങളും ബിസിനസ് നടത്തുന്നതിനുള്ള ബുദ്ധിമുട്ടലുകൾ ഒഴിവാക്കുന്നതും അത്യാവശ്യം. അപ്പോളല്ലേ പുതിയ തൊഴിലവസരങ്ങൾ ഉണ്ടാകൂ?

Make in India തുടങ്ങിയ മുദ്രാവാക്യങ്ങൾ മുഴങ്ങുന്നുണ്ടെങ്കിലും ഇന്നത്തെ നിലയ്ക്ക് ഇന്ത്യയിൽ ഉത്പന്നങ്ങൾ നിർമ്മിച്ചെടുക്കുന്നതിനേക്കാൾ എളുപ്പത്തിൽ അതേ ഉത്പന്നങ്ങൾ വിദേശരാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്ത് കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യാൻ കഴിയുന്നു. സംരംഭങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതോടൊപ്പം നിർമ്മിത ഉത്പന്നങ്ങൾ (Manufactured goods) ചുങ്കമില്ലാതെ ഇറക്കുമതി ചെയ്യാൻ അനുവദിക്കുന്ന നയങ്ങളും ഉപേക്ഷിക്കണം.

മറ്റു രാജ്യങ്ങളെല്ലാം അവരവരുടെ താല്പര്യങ്ങൾ സംരക്ഷിക്കത്തക്ക രീതിയിലാണ് നയം രൂപീകരിക്കുന്നതും നടപ്പാക്കുന്നതും. അമേരിക്കൻ പ്രസിഡന്റായി അധികാരമേറ്റയുടനെ പ്രസിഡന്റ് ട്രംപ്, അമേരിക്കയുടെ കാര്യം നോക്കിയിട്ടുമതി ലോകത്തിന്റെ കാര്യം എന്നു പറഞ്ഞു. ഒബാമയുടെ പ്രത്യേക താല്പര്യത്തോടെ ചൈനയുടെ സ്വാധീനം പരിമിതപ്പെടുത്താൻ ഉതകുന്ന ഒരു പദ്ധതി എന്ന നിലയിൽ തുടങ്ങിവച്ച ട്രാൻസ് പസഫിക്ക് സഖ്യത്തിൽനിന്നും പിന്മാറാൻ തീരുമാനിക്കുകയാണ് പ്രസിഡന്റ്

ട്രംപ് ചെയ്തത്. പസഫിക്ക് സമുദ്രമേഖലയിൽ അമേരിക്കയെ വെട്ടിച്ച് ചൈന മുന്നേറും എന്ന ഭയം ഉണ്ടായിട്ടുപോലും ട്രംപ് ഈ പിന്മാറ്റം നടത്തുകയായിരുന്നു.

അതുപോലെതന്നെ യൂറോപ്യൻ യൂണിയനും അമേരിക്കയുമായി ആലോചനയിലിരുന്ന ട്രാൻസ് അറ്റ്ലാന്റിക് ട്രേഡ് ആന്റ് ഇൻവെസ്റ്റ്മെന്റ് സഖ്യത്തിന്റെ കാര്യത്തിലും ഇനി പുരോഗതി ഉണ്ടാകാൻ ഇടയില്ല. ആ സഖ്യത്തിന്റെ ആലോചനകൾ നിറുത്തിവയ്ക്കപ്പെട്ടിരിക്കുകയാണ്. അമേരിക്കൻ ഉത്പന്നങ്ങൾക്ക് അമേരിക്കയ്ക്കുള്ളിലെങ്കിലും വിപണി ഉറപ്പാക്കുക എന്നതാണ് ട്രംപിന്റെ പ്രധാന ലക്ഷ്യം. (ഇന്ന് അമേരിക്കൻ സൂപ്പർമാർക്കറ്റുകളിലും മറ്റും വില്പനയ്ക്കെത്തുന്ന ചരക്കുകളിൽ 95 ശതമാനവും ചൈനീസ് നിർമ്മിതമാണ്. കാരണം അവ പലതും വാണിജ്യസഖ്യങ്ങളുടെ മറവിൽ ചൈനയിൽനിന്നും മറ്റു രാജ്യങ്ങളിലൂടെയും വൻ നികുതിയിളവുകളോടെ അമേരിക്കൻ വിപണിയിൽ എത്തുകയാണ്). ചൈനീസ് ഉത്പന്നങ്ങൾക്കെതിരെ നിസ്സഹായതയോടെ നോക്കിനിൽക്കുന്ന അമേരിക്ക നമ്മുടെ ചില ഉത്പന്നങ്ങളുടെ കയറ്റുമതിക്കെതിരെ നികുതി അല്ലാത്ത നിയന്ത്രണങ്ങൾ കൊണ്ടുവന്ന് നിരുത്സാഹപ്പെടുത്തുന്നു. (ബാലവേല, തീപിടിക്കാൻ സാധ്യത, രാസവസ്തുക്കളുടെ സാന്നിധ്യം മുതലായ ആരോപണങ്ങൾ ആവശ്യാനുസരണം അവർ എടുത്ത് ഉപയോഗിക്കുന്ന ആയുധങ്ങളാണ്).

അതേസമയം നാം ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കാതെ ഒരുവശത്ത് Make in India എന്നും മറ്റും മുദ്രാവാക്യം മുഴക്കുമ്പോൾ മറുവശത്ത് വിദേശ ഉത്പന്നങ്ങളെ നമ്മുടെ നാട്ടിലേക്ക് എളുപ്പം കടത്തിവിടാനുള്ള നയങ്ങളുമായി മുന്നോട്ടുപോകുന്നു. ഇന്ത്യ, ട്രാൻസ് പസഫിക്ക് സഖ്യത്തിൽ ചേരാൻതന്നെയായിരുന്നു ഉദ്ദേശിച്ചിരുന്നത്. ഭാഗ്യവശാൽ ട്രംപിന്റെ ഇടപെടൽ കാരണം ഈ സഖ്യംതന്നെ അവതാളത്തിലായതോടെ ഈ സഖ്യത്തിന്റെ പേരിൽ പല രാജ്യങ്ങളിൽനിന്നും നമ്മുടെ വിപണയിൽ വിലകുറഞ്ഞ ഉത്പന്നങ്ങൾ കൊണ്ടുവന്ന് തള്ളാനുള്ള നീക്കങ്ങൾക്ക് ചെറിയ തിരിച്ചടി ഉണ്ടായിട്ടുണ്ട്. പക്ഷേ, എന്നിട്ടും നാം പാഠം പഠിക്കുന്നില്ല. തെക്കുകിഴക്കൻ രാജ്യങ്ങളുമായി പ്രത്യേകം പ്രത്യേകം ചർച്ചകൾ നടക്കുകയാണ്. അവരുടെ നിരവധി ഉത്പന്നങ്ങൾ നമ്മുടെ വിപണിയിൽ നികുതി ഇളവുകളോടെ എത്തുന്ന അപകടം നമ്മുടെ മുന്നിൽ ഭൂതാകാരം പൂണ്ടുനിൽക്കുന്നു.

Regional Comprehensive Economic Partnership (RCEP) എന്ന പേരിലുള്ള ഉടമ്പടികൾക്കുവേണ്ടിയാണ് നാമിപ്പോൾ ആസിയാൻ രാജ്യങ്ങളുമായി ചർച്ചയും മറ്റും നടത്തുന്നത്. ആസിയാൻ രാജ്യങ്ങൾക്കു പുറമെ ഈ RCEP രാജ്യങ്ങളുടെ കൂട്ടത്തിൽ ചൈന, ജപ്പാൻ, ദക്ഷിണകൊറിയ, ഓസ്ട്രേലിയ, ന്യൂസിലാന്റ് തുടങ്ങിയ രാജ്യങ്ങളെല്ലാമുണ്ട്.

ചൈനയുമായി നമുക്ക് വമ്പിച്ച വ്യാപാരകമ്മി വർഷങ്ങളായി നിലനിൽക്കുന്നു. 10 കൊല്ലം മുമ്പ് ഈ വ്യാപാരകമ്മി 8 ബില്യൺ ഡോളറായിരുന്നെങ്കിൽ ഇന്ന് അത് 55 ബില്യൺ ഡോളറായി വർധിച്ചിരിക്കുന്നു. RCEP ഗ്രൂപ്പിൽ ഉൾപ്പെടുന്ന എല്ലാ രാജ്യങ്ങളുമായി ഇന്ത്യയ്ക്കുള്ള വ്യാപാരകമ്മി കഴിഞ്ഞ കൊല്ലം 100 ബില്യൺ ഡോളറായി. (ഇതിൽ 55 ശതമാനം ചൈനയുടേത്). ഉരുക്ക് തുടങ്ങിയ ഉത്പന്നങ്ങളുടെ കാര്യത്തിൽ സംരക്ഷണചുങ്കവും മറ്റും ചുമത്തി ചൈനീസ് ഇറക്കുമതിയെ നിരുത്സാഹപ്പെടുത്താൻ നോക്കിയിട്ടുപോലും ഇതാണ് നമ്മുടെ സ്ഥിതി.

RCEP ചർച്ചകളിൽ ഉൾപ്പെട്ടിരിക്കുന്ന രാജ്യങ്ങളിൽ ഇന്ത്യയ്ക്ക് ജപ്പാൻ, ദക്ഷിണകൊറിയ, ആസിയാൻ രാജ്യങ്ങൾ ഇവയുമായി പ്രത്യേക വാണിജ്യ ഉടമ്പടികൾ നിലവിലുണ്ട്. ഇതിനുപുറമെ നമ്മുടെ അയൽപക്കത്തുള്ള ശ്രീലങ്ക, നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ്, മാലിദ്വീപ് മുതലായ രാജ്യങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള തെക്കൻ ഏഷ്യൻ സ്വതന്ത്ര വാണിജ്യ കരാർ (Safta - South Asian Free Trade Area) നിലവിലുണ്ട്.

ചൈനയും ജപ്പാനും ദക്ഷിണകൊറിയയും ഇപ്പോൾതന്നെ വലിയ ഉത്പന്ന നിർമ്മാണ കേന്ദ്രങ്ങളാണ് (Manufacturing Power Houses). ഓസ്ട്രേലിയ, ന്യൂസിലാന്റ് എന്നീ രാജ്യങ്ങൾക്ക് സംസ്ക്കരിച്ച ഭക്ഷ്യവസ്തുക്കൾ, ക്ഷീരഉത്പന്നങ്ങൾ, വൈൻ തുടങ്ങിയ പല ഉത്പന്നങ്ങളുടെയും കാര്യത്തിൽ വൻ മേൽക്കോയ്മയുണ്ട്. ആസിയാൻ രാജ്യങ്ങളാണെങ്കിൽ അവ തോട്ടവിളകളുടെ കാര്യത്തിൽ നമുക്ക് വലിയ വെല്ലുവിളി ഉയർത്തും. (റബർ, കാപ്പി, കുരുമുളക് മറ്റു സുഗന്ധദ്രവ്യങ്ങൾ). അതോടൊപ്പം ഇലക്ട്രോണിക്സ്, മോട്ടോർ വാഹന ഭാഗങ്ങൾ ഇവയുടെ കാര്യത്തിലും ആസിയാൻ രാജ്യങ്ങൾ

വൻ ശക്തികളാണ്. ഇതെല്ലാം  കരുതിക്കൊണ്ടുവേണം ഇന്ത്യ ഇനി വാണിജ്യ ചർച്ചകൾ നടത്തേണ്ടത്. Make in India ഒരു യാഥാർത്ഥ്യമാക്കിത്തീർക്കാൻ സർക്കാരിന് ആഗ്രഹമുണ്ടെങ്കിൽ RCEP ചർച്ചകൾ ഉപേക്ഷിക്കുകയാണ് വേണ്ടത്. RCEP ചർച്ചകൾ സജീവമായി നടത്തിക്കൊണ്ട് മുന്നോട്ടുപോയാൽ ഇവിടെ പുതിയ ഉത്പാദന സംരംഭങ്ങൾ തുടങ്ങാൻ കഴിയാതെപോകും. തൊഴിലവസരങ്ങളുടെ സൃഷ്ടിയും അതോടെ ഇല്ലാതായിത്തീരും. ആണ്ടുതോറും പുതുതായി Job Market ൽ എത്തിച്ചേരുന്ന ഒന്നരക്കോടി ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ നൽകാൻ കഴിയുന്നില്ലെങ്കിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ടു കൊല്ലം കഴിഞ്ഞ്  തിരഞ്ഞെടുപ്പിന്റെ സമയത്ത് അവരോട് എന്തു പറയും? ഗോമാംസ നിരോധനത്തെയോ റോമിയോ വിരുദ്ധ പോലീസുകാരെയോ ചൂണ്ടിക്കാട്ടിയാൽ ജനം അന്ന് വോട്ട് ചെയ്യുമോ?